(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാവുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) ഈ പാലം ഉൾപ്പെടുന്ന റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽപ്പെട്ടതല്ല.

മുറ്റിച്ചൂർ പാലം നിർമ്മിക്കാൻ നടപടി

134 (2853) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജക മണ്ഡലത്തിലെ നാട്ടിക ഗ്രാമപഞ്ചായത്തിൽപ്പെട്ട മുറ്റിച്ചൂർ കടവിൽ കനോലി കനാലിൻമേൽ പാലത്തിന്റെ നിർമ്മാണം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ എൽ.ബി.എസ്.നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എൽ.ബി.എസ്. ഇൻവെസ്റ്റിഗേഷൻ നടത്തിയോ ;

(ഡി) നാട്ടിക, മണലൂർ, ചേർപ്പ് മണ്ഡലങ്ങളെ തൃശ്ശൂർ ജില്ലയിലെ തീര ദേശവുമായി ബന്ധിപ്പിക്കുന്ന പ്രസ്തുത പാലം ഈ സാമ്പത്തിക വർഷം തന്നെ നബാർഡിനെക്കൊണ്ട് ഏറ്റെടുപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മുറ്റിച്ചൂർ കടവിൽ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടന്നു വരുന്നു.

(സി) ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ ചുമതല LBS- നെ ഏൽപ്പിച്ചിട്ടില്ല.

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായശേഷം പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പൊക്കുളങ്ങര പാലത്തിന്റെ നിർമ്മാണം

135 (2854) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജക മണ്ഡലത്തിൽ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ പൊക്കുളങ്ങര പാലത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) എങ്കിൽ ഭൂവുടമകൾക്ക് പണം നൽകിയോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര കാലയളവിനുള്ളിൽ ടെണ്ടർ വിളിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല.

(ബി) ഭൂവുടമകൾക്ക് പണം നൽകിയിട്ടില്ല.

(സി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായശേഷം ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ റോഡിൽ ഓവുപാലങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടികൾ

136 (2855) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ റോഡിൽ കച്ചേരിക്കുന്ന് ഭാഗത്തും കാറൽമണ്ണ 29 ഭാഗത്തും ഓവുപാലങ്ങൾ നിർമ്മിക്കണമെന്നത് സംബന്ധിച്ച് ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുടെ നിവേദനം കിട്ടുകയുണ്ടായോ ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഓവുപാലങ്ങൾ നിർമ്മിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ചെർപ്പുളശ്ശേരി-പെരിന്തൽമണ്ണ റോഡിൽ കച്ചേരിക്കുന്ന് ഭാഗത്ത് (കി.മീ.44/200) ആറ് ലക്ഷം രൂപ ചെലവിൽ ഒരു ഓവുപാലം പുതുക്കിപ്പണിയാൻ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാറൽമണ്ണ 29-ൽ (കി.മീ.29/00) ഓവുപാലം പുനർനിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഉടൻതന്നെ ടെന്റർ വിളിക്കുന്നതാണ്.

പട്ടാമ്പി ടൗണിൽ അഴുക്കുചാൽ പദ്ധതി

137 (2856) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി ടൗണിൽ ഒരു അഴുക്കുചാൽ പദ്ധതി ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly